# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2128 10.10.2011 - ൽ മറുപടിക്ക്

### ചേലക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നിർമ്മാണം നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; | (എ) | ചേലക്കര മണ്ഡലത്തിൽ വാട്ടർ അതോറിറ്റി നിർമ്മാണം നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. തിരുവില്വാമല കൊണ്ടാഴി വില്ലേജുകൾക്കുള്ള പദ്ധതി<br>2. ചെറുതുരുത്തി - നെടുംപുര വില്ലേജുകൾക്കുള്ള പദ്ധതി |
| (ബി) | ഇവയിൽ ഓരോ പദ്ധതിയും എപ്പോഴാണ് ആരംഭിച്ചതെന്നും എത്ര കാലം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നും അവയ്ക്ക് ഇതേവരെ ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്നും പറയാമോ; | (ബി) | 1. തിരുവില്വാമല-കൊണ്ടാഴി പദ്ധതി 2001 -ൽ ആരംഭിച്ച് 3 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ടി പദ്ധതിയ്ക്ക് വേണ്ടി ഇന്നുവരെ 945 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.<br>2. ചെറുതുരുത്തി-നെടുംപുര കുടിവെള്ള പദ്ധതി എൽ.ഐ.സി സഹായത്തോടു കൂടി 3/2000 ൽ ആരംഭിക്കുകയും ഫണ്ടിന്റെ അഭാവം കാരണം മുടങ്ങി കിടക്കുകയും ആയിരുന്നു. ഈ പദ്ധതിക്ക് 244.84 ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട്. തുടർന്ന് നബാർഡ് സഹായത്തോടു കൂടി 5/2008-ൽ പുനരാരംഭിച്ചു. രണ്ടു വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്ക് വേണ്ടി നബാർഡ് ധനസഹായത്തിൽ 294 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. |

(സി) നിർമ്മാണം നടന്നു വരുന്ന പദ്ധതികൾ എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയും;

(സി)

1. തിരുവില്വാമല-കൊണ്ടാഴി പദ്ധതിയുടെ എല്ലാ പണികളും പൂർത്തീകരിച്ചിട്ടുണ്ട്.
2. ചെറുതുരുത്തി-നെടുംപുര കുടിവെള്ള പദ്ധതിയുടെ പണികൾ അവസാന ഘട്ടത്തിലാണ് ദക്ഷിണ റയിൽവേയുടെ ട്രാക്കിനു മുകളിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും, പി.ഡബ്ല്യു.ഡി റോഡ് ക്രോസ് ചെയ്യുന്നതിനും അനുമതി ലഭിക്കുന്നതിനും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവ രണ്ടും ലഭിച്ചാൽ ഒരു മാസത്തിനുള്ളിൽ പൈപ്പ്ലൈൻ പണികൾ പൂർത്തീകരിക്കുവാൻ കഴിയും. ഈ പദ്ധതിയ്ക്ക് ആവശ്യമായ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

   31.03.2012-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) മണ്ഡലത്തിൽ വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, എസ്.റ്റി.പി. ഫണ്ട്, റ്റി.എസ്.പി. ഫണ്ട്, ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് എന്നിവ വിനിയോഗിച്ചുള്ള പദ്ധതികളുടെ ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) എം.എൽ.എ/എസ്.ഡി.എഫ് ഫണ്ട്

പാഞ്ഞാൾ പഞ്ചായത്തിലെ കെട്ടേക്കാട് കുന്ന് കുടിവെള്ള വിതരണ പദ്ധതി-എസ്റ്റിമേറ്റ് തുക 3.5 ലക്ഷം രൂപ ചിലവഴിച്ചതുക 2.7 ലക്ഷം രൂപ

എസ്.സി.പി ഫണ്ട്

1. വരവൂർ പഞ്ചായത്തിലെ തെക്കുമുറി സാബവാ കോളനി കുടിവെള്ള പദ്ധതി
2. തിരുവില്വാമല പഞ്ചായത്തിലെ, തിലക്കാട്ടുകുന്ന് കുടിവെള്ള വിതരണ പദ്ധതി
3. തിരുവില്വാമല പഞ്ചായത്തിലെ വാര്യത്തുപടികോളനി കുടിവെള്ള വിതരണ പദ്ധതി
4. മുള്ളൂർക്കര പഞ്ചായത്തിലെ ചേരും പറമ്പ് കോളനി കുടിവെള്ള വിതരണ പദ്ധതി.
5. ചേലക്കര പഞ്ചായത്തിലെ രാമൻകണ്ടത്ത് കുറ്റിക്കാട് കൃപാനഗർകോളനി കുടിവെള്ള വിതരണ പദ്ധതി.

(ഇ) മണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ച വരുന്ന വാട്ടർ അതോറിറ്റിയുടെ ചുമതല യിലുള്ള കടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഉപഭോ-ക്താക്കളുടെ വർദ്ധനവും പദ്ധതികളുടെ കാലപ്പഴക്കവും പരിഗണിച്ച് അവ പുനരുദ്ധ-രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ യെന്നും വ്യക്തമാക്കുമോ?

(ഇ) ചേലക്കര മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ താഴെ പറയുന്ന 13 കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്.

1. ചെറുതുരുത്തി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
2. പണിയടി കുടിവെള്ള വിതരണ പദ്ധതി
3. പള്ളം കുടിവെള്ള വിതരണ പദ്ധതി
4. വരവൂർ കുടിവെള്ള വിതരണ പദ്ധതി
5. തിരുവില്വാമല ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി
6. കുത്താംപുള്ളി ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി
7. വീട്ടിക്കുന്ന് കുടിവെള്ള വിതരണ പദ്ധതി
8. ചേലക്കോട് കുടിവെള്ള വിതരണ പദ്ധതി
9. കുറുമല കുടിവെള്ള വിതരണ പദ്ധതി
10. ആട്ടൂർ കുടിവെള്ള വിതരണ പദ്ധതി
11. ചേക്കര സി.റ്റി കുടിവെള്ള വിതരണ പദ്ധതി
12. പങ്ങാരപ്പിള്ളി ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി
13. മായന്നൂർ കുടിവെള്ള വിതരണ പദ്ധതി

ഇവയിൽ കാലപ്പഴക്കം ചെന്ന താഴെ പറയുന്ന പദ്ധതികളുടെ പുനരുദ്ധാരണം നടന്നുവരുന്നു.

1. ചെറുതുരുത്തി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
2. തിരുവില്വാമല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലപ്പഴക്കം ചെന്ന മറ്റു പദ്ധതികൾ പുനരു-ദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ